**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1823** **01.11.2019 ൽമറുപടിയ്ക്ക്**

**വാഹൻസാരഥി സോഫ്റ്റ്‌വെയർ**

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹനങ്ങളുടെ വാഹന രജിസ്ട്രേഷനും ലൈസൻസ് നടപടികൾക്കുമായി വാഹൻസാരഥി സോഫ്റ്റ് വെയറിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വാഹനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾക്കായി 22/02/2019 മുതൽ തിരുവനന്തപുരത്തും, 18/03/2019 മുതൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, 01/04/2019 മുതൽ മറ്റെല്ലാ ഓഫീസുകളിലുമായി "വാഹൻ" സോഫ്റ്റ് വെയറിന്റെ പ്രവർത്തനവും പുതിയ ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന നടപടികൾക്കായി 01/01/2019 മുതൽ സംസ്ഥാനത്തൊട്ടാകെ "സാരഥി" സോഫ്റ്റ് വെയറും നടപ്പിലാക്കിയിട്ടുണ്ട്. പഴയ സോഫ്റ്റ് വെയറായ സ്മാർട്ട് മൂവിൽ നിന്നും ഡേറ്റാ പരിവാഹനിലേക്ക് (വാഹൻ/സാരഥി) മാറ്റപ്പെടുന്ന മുറയ്ക്ക് എല്ലാ വാഹനങ്ങളുടെയും, ലൈസൻസുകളുടെയും സർവ്വീസുകൾ പൂർണ്ണമായും "പരിവാഹൻ" സോഫ്റ്റ് വെയർ മുഖാന്തിരം നടപ്പിലാക്കുവാൻ സാധിക്കും. |
| (ബി) | പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ പോരായ്മകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ; | (ബി)<br>&<br>(സി) | സോഫ്റ്റ് വെയറിന്റെ പോരായ്മകൾ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹൻ സാരഥി ഒരു ബൃഹത് സോഫ്റ്റ് വെയർ പദ്ധതിയാണ്. അനവധി പോരായ്മകൾ ശ്രദ്ധയിൽ പ്പെടുകയും, ആയത് NIC (National Informatics Centre) New Delhi -യെ അറിയിക്കുന്ന മുറയ്ക്ക് പരിഹരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇനിയും അനവധി പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകേണ്ടതുണ്ട്. ആയത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് കേന്ദ്ര ഗതാഗത മന്ത്രാലയത്തിനും, കേന്ദ്ര NIC -ക്കും കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**